**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3067** **07-10-2025 - ൽ മറുപടിയ്ക്ക്**

**അക്വാഡക്റ്റിന്റെ ഉയരം കൂട്ടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം നാട്ടുകാണി റോഡിന് കുറുകെ കടന്നുപോകുന്ന അക്വാഡക്റ്റിന്റെ ഉയരക്കുറവുമൂലം പ്രസ്തുത റോഡിലൂടെ വലിയ വാഹനങ്ങൾ കടന്നുപോകുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കോതമംഗലം നാട്ടുകാണി റോഡിനു കുറുകെ പോകുന്ന അക്വാഡക്റ്റിന്റെ ഭാഗത്ത് സാധാരണ ഉയരമുള്ള വാഹനങ്ങൾ കടന്നു പോകുന്നുണ്ട്. സാധാരണ വാഹനത്തേക്കാൾ ഉയരക്കൂടുതലുള്ള ഭാരവാഹനങ്ങൾ കടന്നുപോകുന്നതിനാണ് ഇപ്പോൾ ബുദ്ധിമുട്ടുള്ളത്. ഇപ്പോഴുള്ള റോഡ് നിരപ്പിൽ നിന്ന് കനാലിന്റെ അടിഭാഗം വരെ 3.8 മീറ്റർ ഉയരമുണ്ട്. സാധാരണ ഉയരമുള്ള ബസ്സ്, ലോറി ഇവ കടന്നു പോകുന്നതിന് 3.8 മീറ്റർ ഉയരം മതിയാകും. |
| (ബി) | അക്വാഡക്റ്റിന്റെ ഉയരം കൂട്ടുകയോ അല്ലെങ്കിൽ അക്വാഡക്റ്റിന് പകരമായി ഈ പ്രദേശത്ത് കനാൽ നിർമ്മിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | അക്വാഡക്റ്റിന്റെ ഉയരം കൂട്ടുക പ്രായോഗികമല്ല. ഇരുവശങ്ങളിലുമുള്ള കനാലിന്റെ ബെഡ് ലെവൽ അനുസരിച്ചാണ് അക്വാഡക്റ്റിന്റെ ബെഡ് ലെവൽ ഫിക്സ് ചെയ്യുന്നത്. അക്വാഡക്റ്റിന്റെ ഉയരം കൂട്ടിയാൽ ജലവിതരണത്തെ ആയത് ബാധിക്കുന്നതാണ്. ഓപ്പൺ കനാൽ നിർമ്മിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിലാണ് അക്വാഡക്റ്റ് നിർമ്മിക്കുന്നത്. കനാൽ നിർമ്മിച്ചാൽ വെള്ളം ഒഴുകുന്നതിനു വേണ്ട ഗ്രാവിറ്റി ഫോഴ്സ് ലഭ്യമല്ലാത്തതിനാൽ കനാൽ നിർമ്മിതി പ്രായോഗികമല്ല. |
| (സി) | അക്വാഡക്റ്റിന് പകരം സൈഫൺ നിർമ്മിക്കാൻ അന്വേഷണം നടത്തി സാങ്കേതിക സാധ്യത പരിശോധിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കോതമംഗലം ബ്രാഞ്ച് കനാൽ ഗ്രാവിറ്റി ഫോഴ്സിലാണ് പ്രവർത്തിക്കുന്നത്. കനാലിന്റെ നീളം 14.50 കി.മീ. ആണ്. കോതമംഗലം ബ്രാഞ്ച് കനാൽ ചെയിനേജ് 9/300 കി. മീറ്ററിൽ സൈഫൺ അക്വാഡക്റ്റ് നിർമ്മിച്ചാൽ വെള്ളം ഒഴുക്കുന്നതിനുവേണ്ട ഗ്രാവിറ്റി ഫോഴ്സ് ലഭിക്കുന്നതിന് ആവശ്യമായ വാട്ടർ ഹെഡ് ഇല്ലാത്തതിനാൽ സാങ്കേതികമായി സൈഫൺ നിർമ്മിക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ